ചെയ്യുതീക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് അതിലേക്ക് ഒരു സ്പെഷ്യൽ സ്റ്റാഫിനെ നിശ്ചയിക്കുകയും ഒരു നിശ്ചിതസമയത്തിനകം ഈ ജോലി പൂർത്തിയാക്കാനുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതാണ് (സി)-യുടെ ഉത്തരത്തിൽ പറഞ്ഞതു്.

ശ്രീ. പി. സി. ആദിച്ചൻ: കൊട്ടാരക്കര താലൂക്കിൽപ്പെട്ട കുളക്കടകോളനി സർവ്വേ ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : സർവ്വേ നടത്താൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നു.

ശ്രീ. പി. സി. ആദിച്ചൻ : സർ, ഒരു പായിൻറ് ഓഫ് ഓർഡർ. കുളക്കട കോളനി സർവ്വേ ചെയ്യാൻ വേണ്ടി ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നും ഡയറക്ടറുടെ അപേക്ഷ അനുസരിച്ച് സർവ്വേ ഡിപ്പാർട്ടുമെൻറിൽ നിന്നും ഒരു സർവ്വേയറെ അവിടെ അയച്ചു മൂന്നു മാസംകൊണ്ട് അവിടെ സർവ്വേ ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്. ഇപ്പോഴും പറയുന്നു, സർവ്വേ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്നു്. ഇതു എന്തൊരു മറുപടിയാണു്. ആരു പറയുന്ന മറുപടിയാണു്. ഇതു സത്യവിരുദ്ധമായ മറുപടിയാണു്. അവിടത്തെ സർവ്വേ ഫൈനലായിട്ടുണ്ടു്. എനിക്കു നേരിട്ടു അറിയാവുന്ന കാര്യമാണു്. ഈ കോളനി നിവാസികളുടെ അപേക്ഷ അനുസരിച്ച് അവിടെ സർവ്വേയ്ക്കു ആളെ അയച്ചു. സർ, അതുകൊണ്ടു ഈ മന്ത്രി ഇപ്പോഴും പറഞ്ഞ മറുപടി ഇവിടെ പറയാവുന്നതാണോ ?

മി. സ്പീക്കർ : മി. ആദിച്ചനു് അറിയാവുന്നകാര്യം പിന്നെ എന്തിനാണു ചോദിക്കുന്നതു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ പട്ടയം കൊടുക്കുന്ന കാര്യത്തിൽ വളരെ താമസം വരുന്നതുമൂലം മറ്റു സമുദായത്തിൽപ്പെട്ടവർ ഈ കോളനിയിൽ കൈയേറിയിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; അങ്ങനെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിൽ അവരെ ഇറക്കി വിടുന്നതിനു സത്വര നടപടികളെടുക്കാൻ ഗവണ്മെൻറു തയ്യാറാകുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : വല്ല ഹരിജനകോളനിയിലും മറ്റുള്ളവർ അനധികൃതമായി പ്രവേശിച്ചിട്ടുണ്ടെന്നുള്ളതു വ്യക്തമായി ബോധ്യപ്പെടുകയാണെങ്കിൽ അവരെ ഒഴിപ്പിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ചിങ്ങേരി ഹരിജൻ കോളനിയിൽപ്പെട്ട ഭൂമികൾ പ്ലാൻറേഷൻ കഴിഞ്ഞിട്ടുള്ള ഭൂമികളാണു്. അത്തരം ഭൂമികളെങ്കിലും പ്ലാട്ടുകളായി ഇവർക്കു കൊടുത്താൽ അതു സംരക്ഷിക്കാൻ സാധിക്കുമെന്നുള്ള കാര്യം ശ്രദ്ധിക്കുമോ :

ശ്രീ. കെ. കുഞ്ഞമ്പു : പരിശോധിക്കാം.

ശ്രീ ഒ. കോരൻ : പാലക്കാട് ജില്ലയിൽ ഉള്ള ഒരു ഹരിജൻ കോളനിയിൽ അടുത്തകാലത്തു മറ്റുള്ള ആളുകൾ കൈയേറി എന്നുള്ളതിലേക്ക് മന്ത്രിക്കു നിവേദനം കിട്ടിട്ടില്ലേ ?

ശ്രീ. കെ. കുഞ്ഞമ്പു : അങ്ങനെ പാലക്കാട് ജില്ലയിൽ ഒരു സ്ഥലത്തു നിന്നും നിവേദനം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജനറൽ മെക്കാനിക്ക് കോഴ്സ്.

* 765. [9] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട് പോളി ടെക്നിക്കിലെ ജനറൽ മെക്കാനിക്ക് കോഴ്സ് ഉദ്യോഗനിയമനക്കാര്യത്തിൽ മെക്കാനിക്കൽ എൻജിനീയറിംഗ് സർട്ടിഫിക്കറ്റ് കോഴ്സിനു് (അണ്ണാകൊല്ലം) തത്തുല്യമായ യോഗ്യതയായി

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിക്കണമെന്നു് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) ശുപാർശ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്.

ഡിസ്ട്രിക്ടു കളക്ടറന്മാരെ സംബന്ധിച്ച പരാതികൾ.

*766 [10] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ഡിസ്ട്രിക്ടു കളക്ടറന്മാരിൽ ആരെയെങ്കിലും സംബന്ധിച്ചു് ഏതെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രകൃതികളും, കൂടുതൽ സ്ത്രീസുള്ളവരുമായ ഐ. എ. എസ്സു്. കാരെ ഡിസ്ട്രിക്ടു കളക്ടറന്മാരായി നിയമിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ ശങ്കർ) :

(എ) ചില കളക്ടർമാരെപ്പറ്റി ഗവണ്മെൻറിനു് പരാതികൾ കിട്ടിയിട്ടുണ്ടു്.

(ബി) ശ്രദ്ധിക്കുന്നുണ്ടു്.

ശ്രീ. എം. സി. ഏബ്രഹാം : ഏതെല്ലാം കളക്ടർമാരെപ്പറ്റിയാണു് പരാതി കിട്ടിയിട്ടുള്ളതു് ; പരാതികളുടെ സ്വഭാവം എന്താണു് ?

ശ്രീ. ആർ. ശങ്കർ : പരാതികൾ വന്നതു് മൂന്നു കളക്ടർമാരെപ്പറ്റിയാണു് :

(1) കോട്ടയം കളക്ടർ ശ്രീ. എസ്സു്. പത്മകുമാർ,

(2) തൃശ്ശൂർ കളക്ടർ ശ്രീ. പി. എസ്സു്. ഏബ്രഹാം,

(3) കോഴിക്കോട്ടു് കളക്ടർ ശ്രീ. സഖറിയാ മാത്യു, എന്നിവരുടെ പേരിലാണു് പരാതികൾ കിട്ടിയിട്ടുള്ളതു്.

ശ്രീ. എം. സി. ഏബ്രഹാം : പരാതിയുടെ സ്വഭാവം എന്താണു് ?

ശ്രീ. ആർ. ശങ്കർ : ശ്രീ. പത്മകുമാറിനെപ്പറ്റി രണ്ടു പരാതികൾ വന്നിട്ടുണ്ടു്. ഒന്നു്, അഡ്വക്കേറ്റു് ശ്രീ. കെ. ജഗദീശപിള്ളൻ നായരോടു് അദ്ദേഹം അപമര്യാദയായി പെരുമാറി എന്നാണു്. പിന്നെ ഒന്നു്, ഒരു ലോവർ ഡിവിഷൻ ക്ലാർക്കായ ശ്രീ. പി. സി. ജോർജ്ജു് എന്ന ആളിനോടും അതുപോലെ അപമര്യാദയായി പെരുമാറി എന്നാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ പരാതിയെപ്പറ്റി ഗവണ്മെൻറു് അന്വേഷണം നടത്തിയോ ; അന്വേഷണഫലം എന്താണു് ?

ശ്രീ. ആർ. ശങ്കർ : അഡ്വക്കേറ്റിനോടു് അപമര്യാദയായി പെരുമാറി എന്നതിനെപ്പറ്റി, ബാർകൗൺസിൽ അന്വേഷണം നടത്തുകയും, പരാതി വളരെ ശരിയാണെന്നുള്ള വിവരം ഗവണ്മെൻറിനെ അറിയിക്കുകയും ചെയ്തിരുന്നു. ഗവണ്മെൻറു് അതെല്ലാം പരിശോധിച്ചതിനുശേഷം, അദ്ദേഹത്തിൻറെ പേരിൽ അങ്ങനെ തെറ്റുള്ളതായി തെളിവില്ലെന്നുകണ്ടു് യാതൊരുനടപടിയും ആവശ്യമില്ല എന്നു തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly